സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) നമ്പർ 9391/08-ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

ദേവസ്വം ബോർഡുകളുടെ കൈവശ ഭൂമി

133 (4419) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള ഭൂമി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിലുള്ള ദേവസ്വങ്ങളുടെ വകയായി ആകെ 2281 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 494 ഏക്കർ അന്യാധീനപ്പെട്ടതായി കണക്കാക്കുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശം ഉദ്ദേശം 268 ഏക്കറോളം ഭൂമിയുണ്ട്. വസ്തുക്കൾ ഒന്നുംതന്നെ അന്യാധീനപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ കൈവശം നേരിട്ട് ഭൂമികളൊന്നുംതന്നെയില്ല. മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലായി 1341-ൽപരം ക്ഷേത്രങ്ങൾ ഉള്ളതിൽ ഭരണപരമായ മേൽനോട്ടം മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിൽ 2007 വരെ സർവ്വേ നടത്തിയതിൽ ആകെ 3112.20½ ഏക്കർ കൈവശ ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 1123 ക്ഷേത്രങ്ങളിലായി 24693.24 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീനപ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ 276.19 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 18.32 ½ ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്.

(സി) തിരുവിതാംകൂർ, ഗുരുവായൂർ, കൊച്ചിൻ ദേവസ്വങ്ങളിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. കൂടൽമാണിക്യം ദേവസ്വത്തിൽ തൃശ്ശൂർ ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

18.32½ ഏക്കർ. മലബാർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങൾ ഡിവിഷൻ അടിസ്ഥാനത്തിലാണ് അതിർത്തി തിരിച്ച് നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും 15-10-2008 മുതൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി നടത്തിവരുന്നു. കൂടാതെ കയ്യേറ്റ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് 20-7-2006 മുതൽ ലാന്റ് സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ക്ഷേത്ര സ്വത്ത് സംബന്ധിച്ച് വ്യവഹാരങ്ങൾ നടത്തുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ തങ്ങളുടെ അധികാര പരിധിയിലുള്ള കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും ഭൂമിയുടെ വിലയുടെ മൂന്നിരട്ടി തുക പിഴ ഈടാക്കുന്നതിനും എല്ലാ സബ് കളക്ടർമാർ, തഹസിൽദാർമാർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീനപ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ കോടതി, നഗരസഭ എന്നിവ മുഖേന ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

134 (4420) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് ലക്ഷത്തിൽ കൂടുതൽ ക്ഷേത്ര വരുമാനമുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മുഴുവനായും നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly